**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2886** **24-02-2026 - ൽ മറുപടിയ്ക്ക്**

**നെയ്യാർ ഡാം റിസർവോയറിലെ കൂട് മത്സ്യകൃഷി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി കെ ഹരീന്ദ്രൻ | | ശ്രീ സജി ചെറിയാൻ (മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | അമ്പൂരി ഗ്രാമപഞ്ചായത്തിലെ നെയ്യാർ ഡാം റിസർവോയർ കേന്ദ്രീകരിച്ച് നിലവിൽ നടത്തിവരുന്ന കൂട് മത്സ്യകൃഷി പദ്ധതിയുടെ വിശദാംശം ലഭ്യമാക്കാമോ; | (എ) | PMMSY - Participatory Integrated Fisheries Development in Selected Reservoirs of Kerala എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി ADAK (Agency for Development of Aquaculture, Kerala) പാറശ്ശാല മണ്ഡലത്തിലെ അമ്പൂരി ഗ്രാമപഞ്ചായത്തിലെ നെയ്യാർ റിസർവോയറിൽ 6 x 4 x 4 മീറ്റർ വലിപ്പമുള്ള 100 HDPE (High - Density Poly Ethylene) കേജുകൾ സ്ഥാപിച്ച് കൂട് മത്സ്യകൃഷി നടപ്പിലാക്കി വരുന്നു. നെയ്യാർ റിസർവോയറിനെ ആശ്രയിച്ച് ജീവിക്കുന്ന സമീപവാസികളായ ഇക്കോ ഡെവലപ്പ്മെന്റ് കമ്മിറ്റി (EDC) അംഗങ്ങളായ മത്സ്യത്തൊഴിലാളികളാണ് ഈ പദ്ധതിയുടെ ഗുണഭോക്താക്കൾ. പരിസ്ഥിതിയ്ക്ക് അനുയോജ്യമായതും തദ്ദേശീയവുമായ ഇനം മത്സ്യങ്ങളെ വളർത്തി അതിലൂടെ വരുമാനം കണ്ടെത്തി ആദിവാസി വിഭാഗത്തിൽപ്പെട്ട മത്സ്യത്തൊഴിലാളി സമൂഹത്തിന്റെ സാമൂഹിക സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുക എന്നതാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. ടി പദ്ധതിയുടെ ഭാഗമായി 3,66,700 എണ്ണം കരിമീൻ, 50,000 എണ്ണം വരാൽ എന്നീ ഇനങ്ങളിൽപ്പെട്ട മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിച്ച് പരിപാലിക്കുകയും നാളിതുവരെ 7873 കിലോഗ്രാം മത്സ്യം വിളവെടുക്കുകയുമുണ്ടായി. |
| (ബി) | പ്രസ്തുത പദ്ധതി പ്രകാരം നിലവിൽ എത്ര ഗ്രൂപ്പുകൾ/ വ്യക്തികൾ മത്സ്യകൃഷി നടത്തുന്നുണ്ടെന്നും ഇവർക്ക് നൽകിവരുന്ന സാങ്കേതികവും സാമ്പത്തികവുമായ സഹായങ്ങൾ എന്തൊക്കെയാണെന്നും വിശദമാക്കാമോ; | (ബി) | പി.എം.എം.എസ്.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തി 100 ഫ്ലോട്ടിംഗ് HDPE കൂട് ഫ്രെയിമുകൾ, വല കൂടുകൾ, സോളാർ വിളക്കുകൾ, floating platform, berthing for pre-processing & packing എന്നിവ സ്ഥാപിച്ചിട്ടുണ്ട്. ടി കേജുകളിൽ മത്സ്യക്കുഞ്ഞുങ്ങളെ സംഭരിച്ചു വളർത്തുന്നു. പ്രസ്തുത പദ്ധതിയുടെ ഭാഗമായി ഇക്കോ ഡെവലപ്പ്മെന്റ് കമ്മിറ്റി (EDC) അംഗങ്ങളായ ആദിവാസി വിഭാഗത്തിൽപ്പെട്ട 13 പേർക്ക് തൊഴിൽ ലഭിക്കുന്നു. ഇവർക്ക് കൂട് |

| | | | |
|---|---|---|---|
| | | | മത്സ്യകൃഷിയിൽ പ്രായോഗിക പരിശീലനം നൽകിയിട്ടുണ്ട്. |
| (സി) | കൂട് മത്സ്യകൃഷി വിപുലീകരിക്കുന്നതിനായി പുതിയ പദ്ധതികൾ പരിഗണനയിലുണ്ടോ; | (സി) | കൂട് മത്സ്യകൃഷി വിപുലീകരിക്കുന്നതിനായി പുതിയ പദ്ധതികൾ നിലവിൽ പരിഗണനയിലില്ല. |
| (ഡി) | വന്യമൃഗശല്യം (പ്രത്യേകിച്ച് മുതലകളുടെ സാന്നിധ്യം) കാരണം കൂട് മത്സ്യകൃഷി നടത്തുന്നവർ നേരിടുന്ന സുരക്ഷാ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | (ഡി) | മത്സ്യകൃഷിയുടെ സുരക്ഷയുടെ ഭാഗമായി കൂടുകൾക്ക് ചുറ്റും സുരക്ഷാവല സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ കരയിൽ നിന്നും മത്സ്യകൂടുകളിലേക്ക് എത്തുന്നതിനായി സംരക്ഷിതമായ 2 എഫ്.ആർ.പി വള്ളങ്ങളും 1 സ്പീഡ് ബോട്ടും, റാഫ്റ്റുകളും ലഭ്യമാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ